KOTTAYAM PUBLIC LIBRARY

Call No. MA10 Acc. No. 12494

Author വാസുദേവൻ മൂസ്സത്

Title ശ്രീരാമേശ്വരദർശനം

MA
10
VAS
R

897

12494

ശ്രീ

# രാമേശ്വരദർശനം

ഗ്രന്ഥകർത്താ:

കെ. വി. എം.

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്—കോഴിക്കോട്

വില: നാലണ

NATIONAL BOOK STALL SPCS LTD. BR. KOTTAYAM

ഒന്നാം പതിപ്പ് 1956
കോപ്പി 1000

Publishers:
P. K. BROTHERS-KOZHIKODE

Printed at The Arunodayam Press-Wadakancheri

# പ്രസ്താവന

ഇക്കഴിഞ്ഞ കന്നിമാസത്തിലെ മഹാളയ പക്ഷത്തിൽ ഞാൻ സേതുസ്നാനത്തിന്നായി രാമേശ്വരത്തേയ്ക്കു പോകയുണ്ടായി. ദക്ഷിണ ഭാരതത്തിലെ കാശി എന്നു വിശ്വവിശ്രുതമായ രാമേശ്വരക്ഷേത്രത്തിൽ ദശ്നവും ക്ഷേത്രത്തിന്നകത്തും പുറത്തുമുള്ള പുണ്യതീൎത്ഥങ്ങളിൽ സ്നാനാചമനാദികളും കഴിച്ചതിനുശേഷം ധനുഷ്ക്കോടിയിൽ പോയി വിധിപ്രകാരം സേതുസ്നാനവും ക്ഷേത്രപിണ്ഡവും അനുഷ്ഠിച്ചപ്പോൾ മനസ്സിന്നു് അത്ഭുതപൂൎവ്വമായ ഒരു നിർവൃതിയുളവായി. ക്ഷേത്രസംബന്ധികളായ പുരോഹിതന്മാരിൽനിന്നും സ്വാനുഭവത്തിൽനിന്നും സിദ്ധിച്ച അറിവിനെ ആസ്പദമാക്കി, ആ മഹാക്ഷേത്രത്തിൽ ദശ്നം കഴിക്കേണ്ടതിന്റെയും തീൎത്ഥങ്ങളെ സേവിക്കേണ്ടതിന്റെയും ശ്രീരാമസേതുവിൽ സ്നാനവും ക്ഷേത്രപിണ്ഡവും അനുഷ്ഠിക്കേണ്ടതിന്റെയും ക്രമങ്ങളും വിധികളും, വിവരിച്ചുകൊണ്ടു് ഒരു ചെറുപുസ്തകം തയ്യാറാക്കേണമെന്നു ഞാൻ മനസ്സിലുറച്ചു. മടക്കയാത്രയിൽ താൽക്കാലിക

മായുണ്ടായ തീവണ്ടിയുടെ ക്രമക്കേടുകാരണം മാനാമധുരയിലും മററും ദീഘ്ഘനേരം അനാവശ്യമായി താമസിക്കേണ്ടിവന്നു. അങ്ങനെയുള്ള "മുഷിപ്പൻ" സമയങ്ങൾ കഴിച്ചുകൂട്ടുന്നതിന്നു്, മനസ്സിനെ ഉദ്ദിഷ്ടവിഷയത്തിൽ വ്യാപരിപ്പിച്ചതിൻെറ ഫലമാണു്, "രാമേശ്വരദശ്നം" എന്ന ഈ ചെറുപുസ്തകം. രാമേശ്വരയാത്രക്കാരായ ഭക്തന്മാക്കു് ഈ പുസ്തകം ഉപകാരപ്രദമാകുമെങ്കിൽ ഞാൻ കൃതാത്ഥനാകുന്നതാണു്.

ചെറുതുരുത്തി
5—10—1956

എന്നു്, ഗ്രന്ഥകത്താവു്
കെ. വി. എം.

ശ്രീ

# രാമേശ്വരദർശനം

## (ക്ഷേത്രകാണ്ഡഃ)

അസ്തി ഭാരതവർഷേ ഽസ്മിൻ
വിശ്രുതേ ദക്ഷിണാപഥേ
പുണ്യം രാമേശ്വരം നാമ
മഹേശ്വരനികേതനം. 1

ഈ ഭാരതവർഷത്തിൽ, സുപ്രസിദ്ധമായ ദക്ഷിണാപഥത്തിൽ, രാമേശ്വരമെന്നുപേരായിട്ടു് പരമപുണ്യമായ ഒരു ശിവക്ഷേത്രമുണ്ടു്.

കാമം സന്തു ശിവക്ഷേത്രാ-
ണ്യന്യാനി പൃഥിവീതലേ
രാമേശ്വരം തു രാമസ്യ
സാന്നിദ്ധ്യേന വിശിഷ്യതേ. 2

ഭൂമിയിൽ വേറെയും ശിവക്ഷേത്രങ്ങൾ ഉണ്ടായിക്കൊള്ളട്ടെ. രാമേശ്വരമാകട്ടെ ശ്രീരാമൻെറ സാന്നിദ്ധ്യം ഹേതുവായിട്ടു് അവയിൽവെച്ചു വിശേഷപ്പെട്ടതാകുന്നു.

പൂർവ്വദക്ഷിണപാഥോധി-
സംഗമേ ലോകമംഗളേ

സ്ഥിതമേതന്മഹാക്ഷേത്ര-
മിഹാമുത്ര ശുഭപ്രദം. 3

കിഴക്കെ സമുദ്രവും തെക്കെ സമുദ്രവും കൂടിച്ചേരുന്ന ലോകമംഗളമായ സംഗമസ്ഥാനത്തിങ്കൽ സ്ഥിതിചെയ്യുന്നതായ ഈ മഹാക്ഷേത്രം ഇഹ പരലോകങ്ങളിൽ ഒരുപോലെ ശുഭപ്രദമാകുന്നു.

അവധിഃ ശില്പവിദ്യാനാം
നിധിരൈശ്വര്യസംപദാം
രാമനാഥേശ്വരസ്യേദം
ക്ഷേത്രം സൎവ്വജനാൎച്ചിതം. 4

ശില്പവിദ്യകളുടെ സീമയായും, ഐശ്വൎയ്യസമ്പത്തുകളുടെ ഇരിപ്പിടമായുമുള്ള ശ്രീരാമനാഥസ്വാമിയുടെ ഈ ക്ഷേത്രം സൎവ്വജനങ്ങളാലും പൂജിതമാകുന്നു.

രാഘവോ ജാനകീചോരം
നിഹന്തും രാവണം പുരാ
ദക്ഷിണാംഭോധികൂലേ ഽസ്മി-
ന്നാഗതോ വാനരൈസ്സഹ. 5

പണ്ട് ശ്രീരാമസ്വാമി, സീതയെ കട്ടുകൊണ്ടുപോയ രാവണനെ ഹനിക്കുന്നതിന്നുവേണ്ടി വാനരന്മാരോടുകൂടി തെക്കെ സമുദ്രത്തിന്റെ ഈ കരയിൽ എത്തിച്ചേൎന്നു.

വേലാസ്ഫാലനസഞ്ചരിന്ന-
കല്ലോലം ഘോരസാഗരം
ദുൎല്ലംഘം വീക്ഷ്യ രാമസ്തു
തുഷ്ടാവ വരുണം മുദാ. 6

കരയിൽ കയറി അടിച്ചു ചിന്നിച്ചിതറിയ തിരമാലകളോടുകൂടിയ ഭയങ്കരമായ സമുദ്രം തരണംചെയ്വാൻ പ്രയാസമുണ്ടെന്നുക

ണ്ടു് ശ്രീരാമൻ മോദത്തോടുകൂടി സമുദ്രദേവതയായ വരുണനെ സ്തുതിച്ചു.

യദാ രാമസ്യ സവിധേ
നാവിരാസീദപാംപതിഃ
തദാ സ സായകം മോക്തും
പരികല്പിതവാൻ ധിയാ. 7

സമുദ്രമാകട്ടെ, രാമൻെറ സവിധത്തിൽ പ്രത്യക്ഷീഭവിച്ചില്ല. അപ്പോഠം അദ്ദേഹം സമുദ്രത്തിൻെറനേരെ അസ്ത്രമയയ്ക്കുവാൻ മനസ്സുകൊണ്ടു സങ്കല്പിച്ചു.

ആരോപണാൎത്ഥം ധനുഷഃ
കോടിം യത്ര സ്ഥലേഽകരോൽ
ധനുഷ്കോടിരിതി ഖ്യാതം
ബഭ്രുവാംസ്തടം തു തൽ. 8

അസ്ത്രപ്രയോഗത്തിന്നുവേണ്ടി വില്ലു കുലയ്ക്കുവാനായിട്ടു് വില്ലിൻെറ അഗ്രത്തെ ഏതൊരു സ്ഥാനത്തു് കുത്തിയോ ആ സമുദ്രതീരസ്ഥാനം ധനുഷ്കോടി (വില്ലിൻെറ തല കുത്തിയ സ്ഥലം) എന്നു പ്രസിദ്ധമായി ഭവിച്ചു.

ശരസന്ധാനതഃ പൂൎവ്വം
മഹാദേവാൎച്ചനോത്സുകഃ
ശിവലിംഗം സമാമേതും
ഹനുമന്തം നിയുക്തവാൻ. 9

അസ്ത്രം തൊടുക്കുന്നതിന്നുമുമ്പായി ശ്രീമഹാദേവനെ പൂജിക്കേണമെന്നു വിചാരിച്ചു് ശ്രീരാമൻ ശിവലിംഗം കൊണ്ടുവരുന്നതിന്നു് ഹനുമാനെ നിയോഗിച്ചു.

മുഹൂൎത്തസമയാൽ പൂൎവ്വം
നാഗതോ വാനരാധിപഃ

തതോ ലിംഗം സൈകതേന
സ്ഥാപയാമാസ രാഘവഃ. 10

വാനരാധിപനായ ഹനുമാൻ ശിവലിംഗപ്രതിഷ്ഠയ്ക്കുള്ള മുഹൂൎത്തസമയത്തിന്നുമുമ്പു് വന്നുചേൎന്നില്ല. അതിനാൽ അവിടുന്നു് സമുദ്രക്കരയിലെ മണൽകൊണ്ടൊരു ശിവലിംഗമുണ്ടാക്കി പ്രതിഷ്ഠിച്ചു.

പ്രതിഷ്ഠിതോ രാഘവേന
രാമനാഥാഭിധശ്ശിവഃ
രാമേശ്വരമഹാക്ഷേത്ര-
നാഥസ്തദനു പപ്രഥേ. 11

രാമനാഥൻ എന്ന പേരോടുകൂടി ശ്രീരാമനാൽ പ്രതിഷ്ഠിക്കപ്പെട്ട ആ ശിവൻ രാമേശ്വരമെന്ന മഹാക്ഷേത്രത്തിന്റെ നാഥനായിട്ടു് പിന്നീടു പ്രസിദ്ധിയെ പ്രാപിച്ചു.

അഥ രാമേശ്വരക്ഷേത്രേ
നാനാദേവാഃ പ്രതിഷ്ഠിതാഃ
തേഷാമിദന്താമാഖ്യാതും
ശേഷോഽപി പ്രഭവേന്ന വാ. 12

അതിനുശേഷം രാമേശ്വരക്ഷേത്രത്തിൽ പല ദേവന്മാരും പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടു്. ആ ദേവന്മാർ ഇന്നിന്നവരെന്നു വിവരിച്ചു പറയുവാൻ ആദിശേഷൻകൂടിയും ശക്തനാകുമോ ഇല്ലയോ എന്നു സംശയമാണു്.

കാശീശ്വരോ വിശ്വനാഥോ
വിശാലാക്ഷീ തദീശ്വരീ
അഗസ്ത്യേനാൎച്ചിതഃ ശംഭു-
ൎഗ്ഗന്ധമാദനപൂജിതഃ 13

നടരാജോ മഹാലക്ഷ്മീ-
ജ്ജടാവല്ലഭനായകഃ
ശ്രീസേതുമാധവസ്വാമീ
തഥാന്യേ ചാപി വിശ്രുതാഃ. 14

ശ്രീകാശിവിശ്വനാഥൻ, തന്തിരുവടിയുടെ പത്നിയായ വിശാലാക്ഷി, അഗസ്ത്യമുനിയാൽ പൂജിക്കപ്പെട്ട ശിവൻ, ഗന്ധമാദനമുനിയാൽ അച്ചിക്കപ്പെട്ട ശിവൻ, നടരാജസ്വാമി, മഹാലക്ഷ്മി, ജടാവല്ലഭസ്വാമി, സേതുമാധവസ്വാമി എന്നിവരും, അപ്രകാരം മററു ദേവന്മാരും വിശ്രുതന്മാരാകുന്നു.

ബഹൂനി പുണ്യതീൎത്ഥാനി
വൎത്തന്തേ ഽത്ര ശിവാലയേ
സൎവ്വപാപഹരാണ്യേതാ-
നീതി ലോകേഷു വിശ്രുതം. 15

ഈ ശിവക്ഷേത്രത്തിൽ വളരെ പുണ്യതീൎത്ഥങ്ങളുണ്ടു്. അവ സൎവ്വപാപഹരങ്ങളെന്നു ലോകങ്ങളിൽ പ്രസിദ്ധമാണ്.

രാമേശ്വരസ്ഥതീൎത്ഥേഷു
സ്നാത്വാഭ്യർച്ച്യ ച ദേവതാഃ
ധനുഷ്കോടിസ്ഥിതേ സേതൌ
യഃ സ്നാതി സ ഹി മുക്തിഭാക്. 16

രാമേശ്വരത്തുള്ള തീൎത്ഥങ്ങളിൽ സ്നാനം ചെയ്കയും, രാമേശ്വരക്ഷേത്രത്തിലെ ദേവന്മാരെ പൂജിക്കയും ചെയ്തിട്ടു് യാതൊരുവൻ ധനുഷ്കോടിയിലുള്ള ശ്രീരാമസേതുവിൽ സ്നാനംചെയ്യുന്നുവോ അവൻ മുക്തിയെ പ്രാപിക്കുന്നു.

## (തീൎത്ഥകാണ്ഡഃ)

ആദൌ ലക്ഷ്മണതീൎത്ഥമേത്യ വിധിവൽ
സ്നാത്വാ വിധായാഹ്നികം
കൃത്വാ ക്ഷൌരമപാസ്യ മൂൎദ്ധജമയം
പാപോൽക്കരം പുഷ്കലം
സമ്പാദ്യോഭയവംശജാതപിതൃവ-
ൎഗ്ഗാണാം യഥാവൽ സ്വധാം
ശ്രീരാമേശ്വരമീയിവാൻ വിമലധീ-
ൎജ്ജായേത രാമാജ്ഞയാ. 1

ഒന്നാമതു് ലക്ഷ്മണതീൎത്ഥത്തിൽ ചെന്നു് വിധിപോലെ സ്നാനം ചെയ്തു സന്ധ്യാവന്ദനം കഴിച്ചു്, ക്ഷൌരംചെയ്തു ശിരോരോമങ്ങളുടെ രൂപത്തിൽ സ്ഥിതിചെയ്യുന്നതും പ്രവൃദ്ധവുമായ പാപസമൂഹത്തെ അകററി, അച്ഛനമ്മമാരുടെ കുലങ്ങൾ രണ്ടിലും പിറന്ന പിതൃഗണങ്ങൾക്കെല്ലാം വഴിപോലെ പിണ്ഡശ്രാദ്ധം ചെയ്താൽ, ശ്രീരാമേശ്വരത്തിൽ ചെന്നവൻ തെളിഞ്ഞ ബുദ്ധിയോടുകൂടിയവനായി ഭവിക്കും. (ഈ പിണ്ഡശ്രാദ്ധത്തെ അഷ്ടഗയാശ്രാദ്ധമെന്നു പറയുന്നു) അങ്ങിനെയാണു് ശ്രീരാമൻെറ ആജ്ഞ.

സീതാതീൎത്ഥമതീവ പുണ്യഫലദം
ശ്രീരാമതീൎത്ഥം പുന-
ശ്ശൈവം ത്രീണി നിഷേവ്യ ശോധിതമതി-
സ്തീൎത്ഥാന്യുപാസ്യ ക്രമം
ശ്രീരാമേശ്വരമന്ദിരസ്യ സുഗതി-
സ്ഥാനസ്യ ബാഹ്യാദ്ധ്വനാ
പ്രാദക്ഷിണ്യവിധിം തനോതു തനുതാ-
ഹേതോഃ സമസ്താംഹസാം. 2

12494

ലക്ഷ്മണതീൎത്ഥം കഴിഞ്ഞാൽ ഏററവും പുണ്യഫലപ്രദമായ സീതാതീൎത്ഥമായി; പിന്നത്തേതു ശ്രീരാമതീൎത്ഥവും—ഇങ്ങിനെ മൂന്നു തീൎത്ഥങ്ങളെ സേവിച്ചു ശുദ്ധീകരിക്കപ്പെട്ട ബുദ്ധിയോടുകൂടിയവനായിട്ടു്, മാൎഗ്ഗശ്രമത്തെ നിരസിച്ചു്, സൽഗതിസ്ഥാനമായ ശ്രീരാമേശ്വരക്ഷേത്രത്തിൻെറ പുറത്തെ വഴിയിലൂടെ പ്രദക്ഷിണീകരണത്തെ അനുഷ്ഠിക്കണം. എല്ലാ പാപങ്ങളുടേയും ക്ഷയത്തിന്നുവേണ്ടിയാണു് ഇതു ചെയ്യുന്നതു്.

സുഗ്രീവാംഗദജാംബവൽകൃതമഹാ-
തീൎത്ഥാനി ലബ്ധോദയാ-
ന്യാസേവ്യ ക്രമശഃ പ്രതീച്യസരണൌ
ലബ്ധ്വാ മനോനിർവൃതിം
ആരോഹേദഥ ഗന്ധമാദനഗിരിം
ശ്രീരാമപാദാംബുജ-
ന്യാസാനുഗ്രഹയോഗതോ വഹതി യോ
മൂൎദ്ധാനമുച്ചൈസ്തരാം. 3

പിന്നെ സുഗ്രീവതീൎത്ഥം, അംഗദതീൎത്ഥം, ജാംബവത്തീൎത്ഥം എന്നിങ്ങിനെ പടിഞ്ഞാറുഭാഗത്തുള്ള മാൎഗ്ഗത്തിൽ ക്രമത്തിലായി സ്ഥിതിചെയ്യുന്നവയും അഭ്യുദയത്തെ പ്രാപിച്ചവയുമായ മഹാതീൎത്ഥങ്ങളെ സേവിച്ചതിന്നുശേഷം മനോനിർവൃതിയെ പ്രാപിച്ചിട്ടു് ഗന്ധമാദനം എന്നു പേരായ പൎവ്വതത്തിന്മേൽ ആരോഹണംചെയ്യണം. ഈ പൎവ്വതത്തിന്മേൽ ശ്രീരാമപാദങ്ങൾ പതിഞ്ഞിട്ടുണ്ടു്. രാമൻെറ പാദാൎപ്പണാനുഗ്രഹം സിദ്ധിക്കയാൽ ഈ ഗന്ധമാദനഗിരി വളരെ ഉയരത്തിൽ തലയെടുത്തുപിടിച്ചിരിക്കുന്നു.

യസ്മിന്നേവ ഹി ഗന്ധമാദനമുനി-
സ്തേപേ തപഃ പാവനേ

യസ്യാലോകനമാത്രമേവ ച നൃണാ-
മത്യന്തശുദ്ധിപ്രദം
സംപ്രാപ്തോ യദധിത്യകാം സുവിശദം
വീക്ഷേത സാക്ഷാച്ചതു-
ർദ്ദിക്ഷ്വംഭോനിധിമംഹസാം പ്രശമനം
സ്വാന്തസ്യ ശാന്തിപ്രദം 4

പാവനമായ ഈ ഗിരിയിലാണ് ഗന്ധമാദനമുനി തപസ്സുചെയ്തതു്. ഇതിൻെറ ദശ്നംതന്നെ മനുഷ്യക്ക് ഏററവും ശുദ്ധികരമാണ്. ഈ പവ്വതത്തിൻെറ മുകളിൽ ചെന്നു നോക്കിയാൽ നാലുദിക്കിലും, പാപശമനം വരുത്തുന്നതും മനസ്സിന്നു ശാന്തിയരുളുന്നതുമായ സമുദ്രത്തെ കാണാം.

തസ്മാൽ ക്ഷിപ്രമഥാവരുഹ്യ വിചരൻ
ശ്രീവായുകോണസ്ഥിതം
പാത്ഥേഷ്വ പ്രഥമസ്യ ധമ്മജനുഷ-
സ്തീത്ഥം ഭജേദുത്തമം
പശ്ചാദ് ഭീമകിരീടിനോമ്മഹിതയോ-
മ്മാദ്രേയയോരന്തതോ
ദ്രൌപദ്യാശ്ച യഥാക്രമം ഭജതു സ-
ത്തീത്ഥാനി ചൈന്ദ്ര്യാം ദിശി. 5

ആ ഗന്ധമാദനഗിരിയിൽനിന്നു് വേഗത്തിൽ ഇറങ്ങിനടന്നു് വായുകോണിൽ സ്ഥിതിചെയ്യുന്നതും, പാണ്ഡവന്മാരിൽവെച്ചു് ഒന്നാമനായ ധമ്മപുത്രൻെറ വകയായിട്ടുള്ളതും, ഉത്തമവുമായ ധമ്മതീത്ഥത്തെ വന്ദിക്കണം. പിന്നെ പൂജിതന്മാരായ ഭീമാജ്ജുനന്മാരുടേയും, മാദ്രീപുത്രന്മാരുടേയും, ദ്രൌപദിയുടേയും വകയായ ഭീമതീത്ഥം, അജ്ജുനതീത്ഥം, നകുലതീത്ഥം, സഹദേവതീത്ഥം,

ദ്രൌപദീതീൎത്ഥം എന്നീ തീൎത്ഥങ്ങളെ യഥാക്രമം വന്ദിക്കണം. ഇവയെല്ലാം കിഴക്കുഭാഗത്തുള്ള തീൎത്ഥങ്ങളാകുന്നു.

തത്രൈവാഥ ഭജേത ഭൂരിശുഭദം
ശ്രീബ്രഹ്മതീൎത്ഥം മഹ-
ദ്യത്രേജേ കമലോദ്ഭവഃ ക്രതുചയൈ-
ൎയ്യജ്ഞാത്മകം ശ്രീഹരിം
പശ്ചാന്മാരുതിതീൎത്ഥമുച്ഛ്രതു മിഥഃ
സംശ്ലിഷ്ടയോസ്തീൎത്ഥയോ-
രേകം ശുദ്ധജലം ച യത്ര ഹി പരം
ക്ഷാരോദമത്യദ്ഭുതം. 6

അനന്തരം കിഴക്കുഭാഗത്തുതന്നെ സ്ഥിതിചെയ്യുന്നതും വളരെ ശുഭപ്രദവും മഹത്തുമായ ബ്രഹ്മതീൎത്ഥത്തെ സേവിക്കണം. ഇവിടെവെച്ചാണ് ബ്രഹ്മാവു് അനേകം യജ്ഞങ്ങളെക്കൊണ്ടു് യജ്ഞമൂൎത്തിയായ വിഷ്ണുഭഗവാനെ പൂജിച്ചതു്. ബ്രഹ്മാവു യാഗംചെയ്ത സ്ഥലമായ ഈ ബ്രഹ്മതീൎത്ഥത്തെ സേവിച്ചതിനുശേഷം നേരെ ഹനുമത്തീൎത്ഥത്തെ പ്രാപിക്കണം. അവിടെ ഒന്നോടൊന്നു ചേൎന്നുനില്ക്കുന്ന രണ്ടു തീൎത്ഥങ്ങളുണ്ടു്. അതിലൊന്നിൽ ശുദ്ധജലവും, മറേറതിൽ ഉപ്പുവെള്ളവുമാണുള്ളതു്. അത്യത്ഭുതംതന്നെയാണിതു്.

പശ്ചാൽ സേവ്യമഗസ്ത്യതീൎത്ഥമമലം
യസ്മിന്നഗസ്ത്യോ മുനി-
സ്തേപേ ഘോരതപാംസ്യനന്തരമുപാ-
സീതാഗ്നിതീൎത്ഥം മഹൽ
യസ്മിന്നുഗ്രതപശ്ചചാര യമരാഡ്
യൽ പൂൎവ്വപാഥോനിധേ-
ൎവ്വേലാതോയമയം തനോതു കൃതധീഃ
സ്നാനം സകൃൽ പുണ്യദം. 7

പിന്നീട്ട് നിമ്മലമായ അഗസ്ത്യതീത്ഥത്തെയാണ് സേവിക്കേണ്ടതു്. അതിലത്രെ അഗസ്ത്യമഹഷി ഘോരങ്ങളായ തപസ്സുകളെ ചെയ്തതു്. അഗസ്ത്യതീത്ഥത്തിനുശേഷം മഹത്തായ അഗ്നിതീർത്ഥത്തെ സേവിക്കണം. അതിലാണ് യമധമ്മരാജാവു് ഉഗ്രമായ തപസ്സിനെ ചെയ്തതു്. ഈ അഗ്നിതീത്ഥമെന്നതു് കിഴക്കെ സമുദ്രത്തിൻെറ കരയോരത്തിലുള്ള വെള്ളംതന്നെയാകുന്നു. കൃതബുദ്ധിയായിരിക്കുന്ന തീത്ഥോപാസകൻ ഇതിൽ സ്നാനംചെയ്യണം. ഈ തീത്ഥത്തിൽ ഒരിക്കൽ സ്നാനംചെയ്യുന്നതു് പുണ്യപ്രദമാകുന്നു.

പ്രാക്പാഥോനിധിരോധസി സ്ഥിതിമതീ-
മംഭോധികന്യാം നമൻ
പ്രാഗ്ദ്വാരേണ തതോ വിശേന്നിലയനം
രാമേശ്വരം ശാശ്വതം
തത്രാഭ്യന്തരതീത്ഥജാതമഖിലം
സേവേത ശുദ്ധാത്മനാ
തത്രത്യാംശ്ച നമേൽ സമാൻ സുരഗണാൻ
നമ്യാൻ പ്രണമ്രൈരപി. 8

അഗ്നിതീർത്ഥസ്നാനത്തിനുശേഷം, കിഴക്കെ സമുദ്രത്തിൻെറ തീരത്തിങ്കൽ സ്ഥിതിചെയ്യുന്ന സമുദ്രപുത്രിയായ മഹാലക്ഷ്മിയെ നമസ്കരിച്ചുകൊണ്ട് കിഴക്കെ ഗോപുരത്തിലൂടെ സനാതനമായ രാമേശ്വരക്ഷേത്രത്തിലേയ്ക്കു പ്രവേശിക്കണം. ഈ ക്ഷേത്രത്തിനുള്ളിൽ അനേകം മഹാതീത്ഥങ്ങളുണ്ട്. അവയെയെല്ലാം ശുദ്ധമായ മനസ്സോടുകൂടി സേവിക്കുകയും, നമസ്കാരാഹന്മാരായ മഹാന്മാരാൽ കൂടിയും നമ്യന്മാരായി ക്ഷേത്രത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന എല്ലാ ദേവന്മാരേയും നമസ്കരിക്കുകയും ചെയ്യണം.

ആദാവാചമനം തനോതിവിഹ മഹാ-
ലക്ഷ്മീകൃതേ തീത്ഥകേ

ഗായത്രീകൃതതീൎത്ഥകം സുമഹിതം
സാവിത്രികാതീൎത്ഥകം
പശ്ചാൽ സാധു സരസ്വതീകൃതമഹാ-
തീൎത്ഥം തഥൈകൈകതഃ
സംശ്ലിഷ്ടാനി സമസ്തദോഷപരിഹാ-
രാൎത്ഥം തതഃ പൂജയേൽ. 9

ഇനി അകത്തുള്ള തീർത്ഥങ്ങളെ പറയുന്നു—അകത്ത് ആദ്യമായി മഹാലക്ഷ്മീതീർത്ഥത്തെ ആചമിക്കണം. പിന്നെ ഗായത്രി, സാവിത്രി, സരസ്വതി എന്നിവരാൽ നിൎമ്മിക്കപ്പെട്ടവയും തമ്മിൽ തമ്മിൽ തൊട്ടുതൊട്ടുനില്ക്കുന്നവയുമായ ഗായത്രീതീർത്ഥം, സാവിത്രീതീർത്ഥം, സരസ്വതീതീർത്ഥം എന്നിവയെ സമസ്തദോഷപരിഹാരത്തിന്നുവേണ്ടി പൂജിക്കണം.

സ്നാനപ്രോക്ഷണതൎപ്പണാചമനതോ
വീക്ഷാവശേനാപി വാ
സന്ധ്യാവന്ദനലോപജാദികമഹാ-
ദോഷൌഘവിദ്ധ്വംസനം
ഗായത്ര്യാദികമേതദുത്തമഗുണം
തീൎത്ഥത്രയം വിശ്രുതം
യഃ സേവേത സ പുണ്യഭാക് സ ച കൃതീ
സംകീൎത്ത്യതേ സജ്ജനൈഃ. 10

ഗായത്രീതീർത്ഥം തുടങ്ങിയുള്ള ഈ മൂന്നു തീർത്ഥങ്ങൾ സന്ധ്യാവന്ദനലോപം മുതലായ മഹാദോഷസമൂഹങ്ങളെ അകററിക്കളയുന്നതാണെന്നു് പ്രസിദ്ധമാകുന്നു. ഇവയിൽ സ്നാനംചെയ്യുക, ഇവയിലെ ജലം മുഖത്തു പ്രോക്ഷിക്കുക, ഈ തീർത്ഥങ്ങളിൽ തൎപ്പണംചെയ്യുക, ആചമനംചെയ്യുക എന്നിവകൊണ്ടോ ഇവയുടെ ദൎശനമാത്രംകൊണ്ടുതന്നേയോ മേൽപ്പറഞ്ഞ ദോഷങ്ങൾ ന

ശിച്ചുപോകും. ആർ ഇവയെ സേവിക്കുന്നുവോ അവനാണ് പു ണ്യശാലി, അവനത്രേ ധന്യൻ, എന്നു സജ്ജനങ്ങൾ പറയുന്നു.

പശ്ചാൽ പാവനചക്രതീർത്ഥസലിലേ
സ്നാനം വിദധ്യാൽ സുധീ–
ർഗ്ഗോബ്രഹ്മാദിവധോത്ഥപാതകസമു–
ച്ഛേദായ ഭക്ത്യാ യുതഃ
അധ്യാസ്തേ യദഭീഷ്ടദാനനിരതഃ
ശ്രീചക്രപാണിഃ സ്വയം
യസ്മിൻ പ്രോക്ഷണതർപ്പണാദിഭിരിഹാ–
മുത്ര ശ്രിയം പ്രാപ്നുയാൽ. 11

പിന്നീട്, പാവനമായ ചക്രതീർത്ഥത്തിലെ ജലത്തിൽ സ്നാനം ചെയ്യണം. ഭക്തിയോടുകൂടി അങ്ങിനെ സ്നാനംചെയ്യുന്നവന്ന് ഗോഹത്യ, ബ്രഹ്മഹത്യ മുതലായവയാലുള്ള മഹാപാപങ്ങൾ അ റരപോകും. ഈ ചക്രതീർത്ഥത്തിൽ അഭീഷ്ടദാനതൽപ്പരനായ ച ക്രപാണി താൻതന്നെ സന്നിധാനം ചെയ്യുന്നുണ്ട്. ഇതിൽ പ്രോ ക്ഷണം, തർപ്പണം മുതലായവ ചെയ്താൽ ഇഹപരലോകങ്ങളിൽ യശസ്സുണ്ടാകും.

പശ്ചാൽ ശ്രീയുതസേതുമാധവമഹാ–
തീർത്ഥേ കൃതാഭ്യർച്ചന–
സ്തം ദേവം നിഗഡാങ്കിതാങ്ഘ്രിയുഗളം
വന്ദേത വന്ദ്യം ബുധൈഃ
യൽ പൂർവ്വം ഹി ബബന്ധ ഭക്തിനിഗഡേ–
നാര്യാഭിഷിക്തഃ സ്വയം
ഭക്തോത്തംസമണിർവ്വിഭീഷണ ഇതി
പ്രാഹുഃ പുരാവേദിനഃ. 12

പിന്നീട്ട്, ശ്രീമത്തായിരിക്കുന്ന സേതുമാധവതീർത്ഥത്തിൽ പൂജചെയ്തു് ബുധന്മാരാൽ വന്ദ്യനായും, രണ്ടു കാലുകളിലും ചങ്ങല കൊണ്ടു ബന്ധിക്കപ്പെട്ടവനായുമിരിക്കുന്ന ആ സേതുമാധവസ്വാമിയെ വന്ദിക്കണം. ഈ ശൃംഖലാബന്ധനം, പണ്ടു് ആൎയ്യനായ ശ്രീരാമനാൽ രാജ്യാഭിഷേകംചെയ്യപ്പെട്ടവനും, ഭക്തശിരോമണിയുമായ വിഭീഷണൻ ഭക്തിയാകുന്ന ചങ്ങലകൊണ്ടു കെട്ടിയ കെട്ടാണെന്നു് പൂൎവ്വകഥാവേദികൾ പറയുന്നു.

പഞ്ചമഹാതീൎത്ഥാന്യഥ
വിഹിതാനി ഭജേത ഹരിചമൂപതിഭിഃ
നളനീലഗവയനാമക-
ഗവാക്ഷകൈൎഗ്ഗന്ധമാദനേനാപി. 13

അതിനുശേഷം വാനരസേനാപതികളായ നള-നീല-ഗവയ-ഗവാക്ഷ-ഗന്ധമാദനന്മാരാൽ നിൎമ്മിക്കപ്പെട്ടവയും, പഞ്ചമഹാതീർത്ഥങ്ങൾ എന്നു പ്രസിദ്ധിയുള്ളവയുമായ നളതീർത്ഥം, നീലതീർത്ഥം, ഗവയതീർത്ഥം, ഗവാക്ഷതീർത്ഥം, ഗന്ധമാദനതീൎത്ഥം എന്നിവയെ സേവിക്കണം.

ഭജേത്തദനു തീൎത്ഥേന്ദ്രം
ബ്രഹ്മഹത്യാവിമോചനം
മുക്തോ യൽസ്മരണേനൈവ
ബ്രഹ്മഹത്യാഭയാച്ഛിവഃ. 14

അതിനുശേഷം, തീൎത്ഥരാജനായ ബ്രഹ്മഹത്യാവിമോചനമെന്ന തിൎത്ഥത്തെ വന്ദിക്കണം. ഈ തീൎത്ഥത്തിൻെറ സ്മരണമാത്രത്താൽ തന്നെ പരമശിവൻ ബ്രഹ്മഹത്യാപാപത്തിൽനിന്നു് മുക്തനായത്രെ.

സേവേത സൂൎയ്യചന്ദ്രാഭ്യാം
ഗ്രഹേന്ദ്രാഭ്യാം കൃതാസ്സദേ

സമസ്തഗ്രഹദോഷാണാ-
മഥ സദ്യോപനുത്തയേ. 15

പിന്നീട് ഗ്രഹശ്രേഷ്ഠന്മാരായ സൂൎയ്യചന്ദ്രന്മാരാൽ സന്നിധാനം ചെയ്യപ്പെട്ട സൂൎയ്യതീൎത്ഥം, ചന്ദ്രതീൎത്ഥം എന്നിവയെ സേവിക്കണം. ഇതു ചെയ്താൽ എല്ലാ ഗ്രഹദോഷങ്ങളും ഉടനടി നശിച്ചു പോകും.

ഗംഗാ ച യമുനാ ചൈവ
ഗയാ ചേതി നദീത്രയം
യാന്യകാർഷുഃ സ്വയം തീൎത്ഥാ-
ന്യനുഷേവേത താന്യഥ. 16

അനന്തരം ഗംഗ, യമുന, ഗയ എന്ന മൂന്നു പുണ്യനദികളാൽ പ്രകല്പിതങ്ങളായ ഗംഗാതീർത്ഥം, യമുനാതീർത്ഥം, ഗയാതീർത്ഥം എന്നിവയെയാണ് സേവിക്കേണ്ടതു്.

അഥാചാമേച്ഛംഖതീൎത്ഥം
സൎവ്വതീൎത്ഥാധിദൈവതം
സന്നിധത്തേ ഹരിൎയ്യത്ര
ശംഖചക്രഗദാധരഃ. 17

അതിനുശേഷം, സൎവ്വതീൎത്ഥദേവതയായ ശംഖതീൎത്ഥത്തെ സേവിക്കേണ്ടതാണ്. ഈ ശംഖതീർത്ഥത്തിൽ ശംഖചക്രഗദാധരനായ ശ്രീഹരി സന്നിധാനം ചെയ്യുന്നുണ്ടു്.

ശിവതീൎത്ഥമനൎത്ഥദാശിവ-
വ്യപനോദക്ഷമമൎച്ചയേത്തതഃ
കലയാ കില ശുദ്ധസത്വയാ
കലയത്യത്ര പദം സദാശിവഃ. 18

അനന്തരം അനർത്ഥകാരികളായ അശുഭങ്ങളെ അകററിക്കളയുന്നതിന്നു സമൎത്ഥമായ ശിവതീൎത്ഥത്തെ സേവിക്കണം. ഈ തീർത്ഥ

ത്തിൽ സദാശിവൻ ശുദ്ധസത്വാത്മകമായ കലയോടുകൂടി സന്നിധാനംചെയ്യുന്നു.

അഥ സാദ്ധ്യാമൃതം തീൎത്ഥം
കുലസന്തതിവൎദ്ധനം
സൎവ്വതീൎത്ഥഞ്ച സൎവ്വാൎത്ഥ-
സാധകം പൂജയേച്ഛുചിഃ. 19

അനന്തരം, കുലസന്തതിവൎദ്ധനമായ സാദ്ധ്യാമൃതതീൎത്ഥത്തെയും, സൎവ്വാൎത്ഥസാധകമായ സൎവ്വതീൎത്ഥത്തെയും ശുദ്ധനായി പൂജിക്കണം.

ജടാബദ്ധപാപപ്രതാനം ദധാനോ
ജടാതീൎത്ഥമഭ്യേത്യ വന്ദേത പശ്ചാൽ
ജടാജൂടമദ്ധ്യാൽ സ്രുതം ഗാംഗതോയം
ജടാവല്ലഭോ യേന നാമ്നാ ചകാര. 20

അതിനുശേഷം, ജടകെട്ടിനില്ക്കുന്ന പാപസമൂഹങ്ങളോടുകൂടിയവൻ ജടാതീൎത്ഥമെന്ന പുണ്യതീൎത്ഥത്തെ ചെന്നു വന്ദിക്കണം. ജടാവല്ലഭനായ പരമശിവൻ തന്റെ ജടക്കെട്ടിൽനിന്നു് ഒഴുകിയ ഗംഗാജലത്തെ ജടാതീൎത്ഥമെന്ന പേരോടുകൂടി നിൎമ്മിച്ചുവെന്നാണു് പറയപ്പെടുന്നതു്.

ശിവതീൎത്ഥേ പുനഃ സ്നാത്വാ
സന്നദ്ധസ്സപുരോഹിതഃ
സേതുമാധവമാമന്ത്ര്യ
പ്രയായാദ്രാമസേതവേ. 21

പിന്നെ, വീണ്ടും ശിവതീൎത്ഥത്തിൽ സ്നാനംചെയ്തിട്ടു് സേതുസ്നാനത്തിന്നു പോകുവാൻ തെയ്യാറായി പുരോഹിതനോടുകൂടി ചെന്നു് സേതുമാധവസ്വാമിയോടു് സേതുസ്നാനത്തിന്നനുമതിതരുവാൻ പ്രാൎത്ഥിച്ചിട്ടു് രാമസേതുവിലേയ്ക്കു പോകേണ്ടതാണു്.

(സേതുകാണ്ഡഃ)

സ്നാത്വാ കൃതാഹ്നികഃ പ്രാഹ്ണേ
പ്രാണാനായമ്യ നിർവൃതഃ
ലിഖൻ ധനുഷ്കോടിരേഖാം
തദധഃസ്ഥിതസൈകതൈഃ 1

പ്രകല്പ്യ പിപ്പലാദിന്യൈ
കൃത്യായൈ സൈകതാഹൃതിം
പ്രാങ്മുഖഃ ശ്രീധനുഷ്കോടി-
തീർത്ഥേ സ്നായാദതന്ദ്രിതഃ. 2

പ്രഭാതത്തിൽ, സമുദ്രസ്നാനവും സന്ധ്യാവന്ദനവും കഴിച്ച്, പ്രാണായാമംചെയ്തു സ്വസ്ഥനായിട്ട്, സേതുതീർത്ഥസന്നിധാനത്തിൽ ധനുഷ്കോടിയുടെ (വില്ലിന്നഗ്രത്തിൻെറ) രേഖയെ എഴുതി, അതിന്നടിയിലുള്ള മണൽ കൈകൊണ്ടു വാരി പിപ്പലാദിനി എന്നു പേരായ കൃത്യക്കു് ആഹാരമെന്നു സങ്കല്പിച്ച് വെള്ളത്തിലേയ്ക്കെറിഞ്ഞു്, കിഴക്കോട്ടഭിമുഖനായിട്ടു് ശ്രീ ധനുഷ്കോടിതീർത്ഥത്തിൽ മടികൂടാതെ സ്നാനംചെയ്യണം.

പിതൃമാതൃാദയോ യേ യേ
കുലയോരുഭയോർമൃതാഃ
യേ ചൈവ ദുർമൃതിം പ്രാപ്താ
മൂഢഗർഭഭവാശ്ച യേ 3

ലുപ്താപരക്രിയാ യേ ച
ലുപ്തപിണ്ഡോദകക്രിയാഃ
പിതൄണാം ലോകമപ്രാപ്താ
വായുരൂപേണ സംവൃതാഃ 4

ജ്ഞാതാജ്ഞാതാശ്ച യേ കേചി-
ദപ്രത്തന്തേ കുലസംഭവാഃ
സർവ്വാംസ്താൻ സംസ്മരൻ സ്നായാൽ
സദ്യസ്സദ്ഗതിസിദ്ധയേ. 5

അച്ഛൻ, അമ്മ മുതലായി പിതൃകുലത്തിലും മാതൃകുലത്തിലും ആരെല്ലാം മരിച്ചുപോയിട്ടുണ്ടോ, ആരെല്ലാം ദുർമ്മരണം പ്രാപിച്ചവരായുണ്ടോ, ആരെല്ലാം ഗർഭത്തിൽവെച്ചുതന്നെ മൃതിയടഞ്ഞവരായുണ്ടോ, ആരെല്ലാം സംസ്കാരം-ഉദകക്രിയ തുടങ്ങിയ ശേഷക്രിയകൾ ചെയ്യപ്പെടാത്തവരായുണ്ടോ, ആരെല്ലാം പിണ്ഡവും ഉദകക്രിയയും ലോപിക്കുകകാരണം പിതൃലോകത്തിലെത്താതെ വായുരൂപംകൊണ്ടു മറഞ്ഞു് സ്ഥിതിചെയ്യുന്നവരായുണ്ടോ, ആരെല്ലാം തന്റെ കുലത്തിൽ പിറന്നിട്ടു് അറിഞ്ഞും അറിയാതേയും ഗതിവരാതെ കിടക്കുന്നുണ്ടോ അവർക്കൊക്കയും പെട്ടെന്നു സൽഗതി വരുന്നതിന്നുവേണ്ടി അവരേയെല്ലാം വഴിപോലെ സ്മരിച്ചുകൊണ്ടു് സേതുതീർത്ഥത്തിൽ സ്നാനംചെയ്യേണ്ടതാണു്.

സപത്നീകസ്യ ഹി സ്നാനം
സൌമംഗല്യാഭിവൃദ്ധിദം
കുടുംബകൈസ്സഹ സ്നാനം
പുത്രപൌത്രാദിവർദ്ധനം. 6

സേതുവിൽ പത്നിയോടൊരുമിച്ചു സ്നാനംചെയ്യുന്നതു് സൌമംഗല്യത്തിന്നു് അഭിവൃദ്ധിവരുത്തും; കുടുംബത്തിലുള്ള എല്ലാവരോടുംകൂടി സ്നാനംചെയ്താൽ പുത്രപൌത്രാദികൾ വർദ്ധിക്കും.

അഷ്ടസാഹസ്രകൃച്ഛ്രാണി
ഗംഗാതീരേ ചരേത്തു യഃ
തസ്യ പുണ്യഫലം സിദ്ധ്യേൽ
ഷൾത്രിംശൽസ്നാനമാത്രതഃ. 7

സേതുതീൎത്ഥത്തിൽ മുപ്പത്താറു പ്രാവശ്യമാണ് സ്നാനംചെയ്യേണ്ടതു്. ഈ മുപ്പത്താറു സ്നാനംകൊണ്ടു്, ഗംഗാതീരത്തിൽവെച്ച് ആയിരത്തെട്ടു കൃച്ഛ്രവ്രതങ്ങളനുഷ്ഠിച്ചാൽ ഉണ്ടാകുന്ന പുണ്യഫലം സിദ്ധിക്കും.

സ്നാനോത്തരം ച സൎവ്വേഷാം
പിണ്ഡശ്രാദ്ധം സമാചരേൽ
ആചന്ദ്രതാരം മോദന്തേ
പിതരോഽത്രാഭിതൎപ്പിതാഃ. 8

സേതുസ്നാനത്തിന്നുശേഷം, എല്ലാ പിതൃക്കൾക്കും പിണ്ഡശ്രാദ്ധത്തെ ആചരിക്കണം. സേതുവിലുള്ള പിണ്ഡശ്രാദ്ധംകൊണ്ടു് പിതൃക്കളെ തൃപ്തരാക്കിയാൽ സൂൎയ്യചന്ദ്രന്മാരുള്ളേടത്തോളം കാലം അവർ പ്രസാദത്തോടുകൂടിയിരിക്കും.

പിതൃണാം പ്രതിമാശ്ചാപി
തിലഹോമേന സംസ്കൃതാഃ
വിസൃജേൽ സേതുതീൎത്ഥേഽസ്മിൻ
ശശ്വൽസദ്ഗതിസിദ്ധയേ. 9

പിണ്ഡശ്രാദ്ധം കഴിഞ്ഞാൽ തിലഹോമംചെയ്തു സംസ്കരിക്കപ്പെട്ട പിതൃക്കളുടെ പ്രതിമകളെ സേതുതീൎത്ഥത്തിൽ വിസൎജ്ജിക്കണം. അങ്ങിനെ ചെയ്താൽ ആ പ്രതിമകളിൽ ആവാഹിക്കപ്പെട്ട പിതൃക്കൾക്കു് എന്നെന്നും സൽഗതി സിദ്ധിക്കും.

സ്നാത്വാഥ സൈകതം ലിംഗം
സംസ്ഥാപ്യ സപുരോഹിതഃ
ശിവപൂജാം സോപചാരാം
കൃത്വാ കൎമ്മ സമൎപ്പയേൽ. 10

പിന്നെ സ്നാനംചെയ്തു് സേതുതീരത്തിലെ മണൽകൊണ്ടൊരു ശിവലിംഗമുണ്ടാക്കി സ്ഥാപിച്ച്, പുരോഹിതനോടുകൂടി ആ

ശിവലിംഗത്തിൽ സോപചാരമായ ശിവപൂജയെച്ചെയ്തു് കൎമ്മസമാപ്തി വരുത്തേണ്ടതാണു്.

അന്നം ഹിരണ്യം വസനം
ദത്വാ സന്തൎപ്പ്യ ഭൂസുരാൻ
പ്രാങ്മുഖസ്സൻ നമസ്കാര-
മന്തേ കുൎവ്വീത ബുദ്ധിമാൻ. 11

ഒടുവിൽ അന്നദാനവും, സ്വൎണ്ണദാനവും, വസ്ത്രദാനവും ചെയ്തു് ബ്രാഹ്മണൎക്കു തൃപ്തിവരുത്തി, കിഴക്കഭിമുഖമായിനിന്നു് സേതുവിനെ നമസ്കരിക്കണം.

സേതവേ രാമചന്ദ്രസ്യ
ഹേതവേ സൎവ്വസംപദാം
സംസാരവ്യാധിസന്തപ്ത-
ജനജീവാതവേ നമഃ. 12

ഈ ശ്ലോകം നമസ്കരിക്കുമ്പോൾ ചൊല്ലേണ്ടതാണു്—സൎവ്വസമ്പത്തുകൾക്കും ഹേതുവായും സംസാരവ്യാധികൊണ്ടു സന്തപ്തരായ ജനങ്ങൾക്കു് ജീവനൌഷധമായുമിരിക്കുന്ന ശ്രീരാമചന്ദ്രന്റെ സേതുവിന്നായിക്കൊണ്ടു നമസ്കാരം.

ഭൂയശ്ച രാമേശ്വരമേത്യ നത്വാ
ശ്രീരാമനാഥം ശ്രിതപാരിജാതം
സ്നാത്വാ ശിവാംഭസ്യമലഃ പ്രണമ്യ
ശ്രീസേതുനാഥാനുമതിം ഗൃഹീത്വാ 13

സ്നാത്വാ സമസ്താഘവിനാശദക്ഷേ
ഗാംഗേംഭസി ശ്രീമതി കോടിതീൎത്ഥേ
ഘടേ സമാദായ തദേവ തീൎത്ഥം
പിധായ മുദ്രാങ്കിതമാദരേണ 14

പുരോഹിതേ സാധു സമപ്പ്യ തേന
സംപൂജ്യ ദത്തം പ്രണതോ ഗൃഹീത്വാ
തീർത്ഥോപസേവാദ്ധ്വരദക്ഷിണാന്തേ
യായാന്നിജം വേശ്മ വിനാ വിളംബം. 15

പിന്നേയും രാമേശ്വരക്ഷേത്രത്തിൽ ചെന്നു്, ആശ്രിതന്മാക്കഭീഷ്ടം നല്ക്കുന്നതിൽ കല്പകവൃക്ഷംപോലെയിരിക്കുന്ന ശ്രീരാമനാഥസ്വാമിയെ സമസ്കരിച്ചു്, ശിവതീത്ഥത്തിൽ സ്നാനംചെയ്തു നിമ്മലനായിട്ടു്, ശ്രീ സേതുമാധവനെ നമസ്കരിച്ചു് അനുമതി തരേണമെന്നു പ്രാത്ഥിച്ചു്, സവ്വപാപഹരമായ കോടിതീത്ഥമെന്നു പ്രസിദ്ധിയുള്ള ഗംഗാതീത്ഥത്തിൽ സ്നാനംചെയ്തു് ആ കോടിതീത്ഥം കുടത്തിലെടുത്തു് അടച്ചു മുദ്രവെച്ചു്, അതിനെ പുരോഹിതന്റെ കയ്യിൽ കൊടുത്തു്, അദ്ദേഹം വഴിപോലെ പൂജിച്ചുതന്നാൽ നമസ്കാരം ചെയ്തു തീത്ഥം വാങ്ങി, തീത്ഥസേവയാകുന്ന യാഗത്തിന്റെ അന്തത്തിൽ വേണ്ടതായ ദക്ഷിണയുംചെയ്തു് ഒട്ടും താമസിക്കാതെ തന്റെ ഗൃഹത്തിലേയ്ക്കു തിരിച്ചുപോകണം.

സോപചാരം വിസൃജ്യാഥ
രക്ഷകം കാലഭൈരവം
തൽ കോടിതീർത്ഥം സംരക്ഷേൽ
ഗൃഹേ സവ്വാർത്ഥസിദ്ധയേ. 16

ഗൃഹത്തിൽ ചെന്നതിനുശേഷം തീത്ഥരക്ഷകനായ കാലഭൈരവനെ പൂജിച്ചു വിസജ്ജിച്ചിട്ടു് ആ കോടിതീത്ഥത്തെ ഗൃഹത്തിൽ വെച്ചു സൂക്ഷിക്കണം. അങ്ങിനെ ചെയ്യുന്നതു് സവ്വകാര്യങ്ങളും സിദ്ധിക്കുന്നതിന്നു് ഉത്തമമാകുന്നു.

ആയുരാരോഗ്യസൌഭാഗ്യ-
ഭാഗ്യസന്തതിവദ്ധനം

കോടിതീൎത്ഥമിദം ശശ്വൽ
കുടുംബസ്യാമൃതായതേ. 17

ഗൃഹത്തിൽ സൂക്ഷിക്കപ്പെട്ടതായ കോടിതീൎത്ഥം, ആയുസ്സും ആരോഗ്യവും സൌഭാഗ്യവും സന്തതിയും വൎദ്ധിക്കുന്നതിന്നു് ഉത്തമമായിട്ടുള്ളതും, കുടുംബത്തിന്നു് അമൃതംപോലെയുള്ളതുമാകുന്നു.

ശുഭം

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* MA10 *Acc. No.* 12494

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |

Cl. No. MA.10

Acc. No. 12494

AUTHOR

വാസുദേവൻ മൂസ്സത്, കെ.

TITLE

ശ്രീരാമേശ്വരദർശനം.

MA.10 12494

വാസുദേവൻ മൂസ്സത്, കെ.

ശ്രീരാമേശ്വരദർശനം.

KOTTAYAM PUBLIC LIBRARY

Call No. Mഅ.൧൦ Acc. No. ൧൨൪൯൪

Author വാസുദേവൻ മൂസ്സത്

Title ശ്രീരാമേശ്വരദർശനം

M
A
10
VAS
R